# 25th Meeting of the Working Mechanism for Consultation & Coordination on India-China Border Affairs

October 14, 2022

**ഇന്ത്യ-ചൈന അതിർത്തി കാര്യങ്ങളിൽ വർക്കിംഗ് മെക്കാനിസം ഫോർ കൺസൽട്ടേഷൻ & കോർഡിനേഷന്റെ 25-ാമത് മീറ്റിംഗ്**

ഒക്ടോബർ 14, 2022

ഇന്ത്യ-ചൈന അതിർത്തി സംബന്ധമായ പ്രശ്നങ്ങളിൽ കൺസൽട്ടേഷൻ & കോർഡിനേഷൻ ഫോർ വർക്കിങ് മെക്കാനിസത്തിന്റെ (ഡബ്ല്യുഎംസിസി) യുടെ 25-ാമത് മീറ്റിംഗ് 2022 ഒക്ടോബർ 14-ന് നടന്നു. വിദേശകാര്യ മന്ത്രാലയത്തിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറി (കിഴക്കൻ ഏഷ്യ) ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചു. ചൈനീസ് വിദേശകാര്യ മന്ത്രാലയത്തിന്റെ അതിർത്തി & സമുദ്രകാര്യ വകുപ്പിന്റെ ഡയറക്ടർ ജനറലാണ് ചൈനീസ് പ്രതിനിധി സംഘത്തെ നയിച്ചത്.

2. ഇന്ത്യ-ചൈന അതിർത്തി പ്രദേശങ്ങളിലെ പടിഞ്ഞാറൻ സെക്ടറിലെ യഥാർത്ഥ നിയന്ത്രണ രേഖയിലെ (എൽഎസി) സ്ഥിതിഗതികൾ ഇരുപക്ഷവും അവലോകനം ചെയ്തു. 2022 മെയ് മാസത്തിലെ ഡബ്ല്യുഎംസിസിയുടെ അവസാന യോഗത്തിനു ശേഷമുള്ള സംഭവവികാസങ്ങൾ അനുസ്മരിച്ചുകൊണ്ട്, 2022 സെപ്റ്റംബർ 8 മുതൽ 12 വരെ ഘട്ടം ഘട്ടമായി, ഏകോപിപ്പിച്ച് പരിശോധിച്ചുറപ്പിച്ച രീതിയിൽ നടത്തിയ ഗോഗ്ര-ഹോട്ട് സ്പ്രിംഗ്സ് (പിപി-15) മേഖലയിലെ പിന്മാറ്റത്തെ അവർ സ്വാഗതം ചെയ്തു.ഈ നടപടികൾ 2022 ജൂലൈയിൽ ബാലിയിൽ നടന്ന അവരുടെ സമീപകാല യോഗത്തിൽ ഉൾപ്പെടെ ഇന്ത്യൻ വിദേശകാര്യ മന്ത്രിയും ചൈനീസ് സ്റ്റേറ്റ് കൗൺസിലറും& ഫോറിൻ മിനിസ്റ്ററും തമ്മിലുള്ള ധാരണകളെ പ്രതിഫലിപ്പിക്കുന്നതായി അവർ അഭിപ്രായപ്പെട്ടു,

3. ഉഭയകക്ഷി ബന്ധങ്ങളിൽ സാധാരണ നില പുനഃസ്ഥാപിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനായി എൽഎസിയിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് നയതന്ത്ര, സൈനിക മാർഗങ്ങളിലൂടെ ചർച്ചകൾ തുടരാൻ ഇരുപക്ഷവും സമ്മതിച്ചു.

4. നിലവിലുള്ള ഉഭയകക്ഷി കരാറുകൾക്കും പ്രോട്ടോക്കോളുകൾക്കും അനുസൃതമായി പടിഞ്ഞാറൻ മേഖലയിലെ എൽഎസിയിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, സീനിയർ കമാൻഡേഴ്സ് മീറ്റിംഗിന്റെ അടുത്ത (17-ാം) റൗണ്ട് നേരത്തെ തന്നെ നടത്താൻ അവർ സമ്മതിച്ചു.

**ന്യൂ ഡെൽഹി**

**ഒക്ടോബർ 14, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.